91 (1309) എച്ച്.എസ്.എ (ഇംഗ്ലീഷ്) നിയമനം

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ (ഇംഗ്ലീഷ്) ആയി തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇംഗ്ലീഷ് ഐഛിക വിഷയമായി ബിരുദവും ബി.എഡ്. ട്രെയിനിംഗ് കാളിഫിക്കേഷനുമുള്ളവരെ മാത്രമാണോ ഈ തസ്തികയ്ക്കായി പരിഗണിക്കുന്നത്; അല്ലെങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) മലയാളം എച്ച്.എസ്.എ, ഹിന്ദി എച്ച്.എസ്.എ തുടങ്ങിയ ഭാഷാദ്ധ്യാപകരെ തെരഞ്ഞെടുക്കാനുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) മലയാളം, ഹിന്ദി എന്നീ വിഭാഗങ്ങളിലെ ഭാഷാദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതുപോലെ ഇംഗ്ലീഷ് ഭാഷാദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനും അതേ വിഷയങ്ങളിൽ ബിരുദവും ട്രെയിനിംഗും ഉള്ളവരെ മാത്രം പരിഗണിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലുമുള്ള ബിരുദവും ബി.എഡ്/ബി.റ്റി./എൽ.റ്റി എന്നിവയിലേതെങ്കിലും ട്രെയിനിംഗുമാണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇംഗ്ലീഷിനുവേണ്ടി പ്രത്യേകമായി ഒരു കേഡർ സൃഷ്ടിച്ചാൽ നിലവിലുള്ള അദ്ധ്യാപകർക്ക് ബുദ്ധിമുട്ട് നേരിടാനിടയുണ്ട്. എച്ച്.എസ്.എ(ഇംഗ്ലീഷ്) ആയി പ്രത്യേകം തെരഞ്ഞെടുപ്പ് ഇല്ല. കോർ സബ്ജക്ട് എടുക്കുന്ന അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. സോഷ്യൽ സ്റ്റഡീസിന്റെ 10 പുതിയ തസ്തികകൾ ഉണ്ടാകുമ്പോൾ മൂന്നാമത്തേതും ഏഴാമത്തേതും ഒഴിവുകൾ ഇംഗ്ലീഷ് ലിറ്ററേച്ചർ ബിരുദക്കാർക്ക് മാത്രമായി നിയമനം നൽകണമെന്നും, എയിഡഡ് സ്കൂളുകളിൽ പുതിയ തസ്തിക സോഷ്യൽ സ്റ്റഡീസിൽ അനുവദിക്കുമ്പോൾ ഇംഗ്ലീഷ് ലിറ്ററേച്ചർ ബിരുദമുള്ളവരെ നിയമിക്കണമെന്നും 7.12.88-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ യൂണിവേഴ്സിറ്റികൾ നൽകുന്നതും അംഗീകരിക്കുന്നതോ ആയ മലയാള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റി അല്ലെങ്കിൽ കേരളത്തിലെ ഒരു സർവ്വകലാശാല മലയാളത്തിൽ നൽകുന്ന പൗരസ്ത്യ ഭാഷാ ബിരുദവും കേരള പരീക്ഷാ കമ്മീഷണർ നൽകുന്ന എൽ.ടി.ടി സർട്ടിഫിക്കറ്റും ആണ് മലയാള എച്ച്.എസ്.എയുടെ യോഗ്യത.

കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിക്കുന്നതോ ആയ ഹിന്ദി പൗരസ്ത്യ ഭാഷാ ബിരുദവും പരീക്ഷാ കമ്മീഷണർ നൽകുന്ന എസ്.എസ്.എൽ.സി വിജയവും ഹിന്ദി പ്രചാര സഭ മദ്രാസ് നൽകുന്ന പ്രവീൺ സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി പരീക്ഷ വിജയവും കേരള ഹിന്ദി പ്രചാര സഭയുടെ സാഹിത്യാചാര്യ സർട്ടിഫിക്കറ്റും ആണ് അക്കാഡമിക് യോഗ്യത. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിക്കുന്നതോ ആയ ബി.എഡ്/ബി.ടി./എൽ.ടി ബിരുദം പരീക്ഷാ കമ്മീഷണർ നൽകുന്ന എൽ.ടി.ടി. ഡിപ്ലോമാ/പരീക്ഷാ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണർ നൽകുന്ന ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് ഡിപ്ലോമാ, കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ ബി.എഡ്-ന് തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റ് ട്രെയിനിംഗ് യോഗ്യതകളുമാണ് എച്ച്.എസ്.എ ഹിന്ദി നിയമനത്തിനുള്ള ട്രെയിനിംഗ് യോഗ്യതകൾ.

(ഡി) നിലവിലുള്ള ധാരാളം അദ്ധ്യാപകർക്ക് തസ്തിക നഷ്ടപ്പെടാനിടയുണ്ടെന്നതു കാരണം ഇപ്പോൾ നിർവ്വാഹമില്ല.

92 (1310) പടിഞ്ഞാറെത്തറ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ വർഷം ആരംഭിച്ച വെള്ളമുണ്ട പടിഞ്ഞാറെത്തറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഇതുവരെ ശമ്പളം ലഭ്യമായിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ ശമ്പളം ഉടൻ ലഭ്യമാകുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള ട്രഷറി ഓതറൈസേഷൻ (ചില സാങ്കേതിക കാരണങ്ങളാൽ) ലഭിക്കാൻ കാലതാമസം നേരിട്ടതാണ് ശമ്പളം വൈകാൻ കാരണം.

(സി) അദ്ധ്യാപകർക്ക് ഇതിനകം ശമ്പളം ലഭ്യമാക്കിയിട്ടുണ്ട്.

93 (1311) എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ പി.എഫ്.

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ പുതുതായി എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ പി.എഫ്. സംബന്ധിച്ച കാര്യങ്ങളിൽ കാലവിളംബം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) എൻ.ആർ.എ അപേക്ഷകളിൻ മേൽ ഇത്ര ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിലവിലെ കാലവിളംബം ഒഴിവാക്കുന്നതിന് സമയപരിധി ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly